പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2039 — 22.01.2014 ൽ മറുപടിക്ക്

## വിമാനത്താവളങ്ങളുടെ ആവശ്യകത

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എ. ബേബി:<br>,, രാജു എബ്രഹാം:<br>,, സി. കെ. സദാശിവൻ:<br>,, ഇ. പി. ജയരാജൻ: | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഭൂവിസ്തൃതിയും ജനസംഖ്യയും ജല-റോഡ്-റെയിൽ ഗതാഗത സംവിധാനങ്ങളുടെ സാദ്ധ്യതയും പരിഗണിച്ച് സംസ്ഥാനത്ത് ഇനിയും വിമാനത്താവളങ്ങൾ ആവശ്യമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. കേരളത്തിന്റെ ഭൂവിസ്തൃതിയും നിലവിലുള്ള റോഡ് റെയിൽ ഗതാഗത സൗകര്യങ്ങൾ ആവശ്യാനുസരണം ഇനിയും വികസിപ്പിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിന് സ്ഥലദൗർലഭ്യവും, ഭീമമായ സ്ഥലവിലയും ഉൾപ്പെടെയുള്ള പരിമിതികൾ കണക്കിലെടുത്തും രാജ്യത്തിന്റെ സാമ്പത്തിക പുരോഗതി ഉദ്ദേശിക്കുന്ന വളർച്ച കൈവരിക്കാൻ സംസ്ഥാനത്തിന്റെ ഉള്ളിൽ ആകാശ മാർഗ്ഗേണ കൂടുതൽ ഗതാഗത സൗകര്യം ഏർപ്പെടുത്തണമെന്ന കേന്ദ്ര സർക്കാരിന്റെ നയത്തിനനുസൃത മായും സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും എയർസ്ട്രിപ്പുകൾ സ്ഥാപിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചുവെങ്കിലും ഒരു വിമാനത്താവളത്തിന് ആവശ്യമായ 300 മുതൽ 500 വരെ ഏക്കർ ഭൂമി ജില്ലകളുടെ ഹൃദയഭാഗത്ത് തന്നെ കണ്ടെത്താൻ സാധിക്കാത്തതിനാൽ ഏകദേശം മൂന്ന് മുതൽ അഞ്ച് ഏക്കർ വരെ മാത്രം ഭൂമി ആവശ്യമുള്ള സ്ഥിരം ഹെലിപോർട്ടുകൾ സ്ഥാപിക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| | | | താണ്. ഈ കേസുകളിൽ പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിക്കുവാൻ വേണ്ടി കണ്ണൂർ ജില്ലാ കളക്ടർ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ പുതിയ വിജ്ഞാപനം എന്നു പുറപ്പെടുവിക്കുമെന്ന് വ്യക്തമാക്കുമോ; | (ഡി) | പുതുക്കിയ കരടു വിജ്ഞാപനം സർക്കാർ തലത്തിൽ പരിശോധിച്ചു വരികയാണ്. |
| (ഇ) | പുതിയ വിജ്ഞാപനപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ? | (ഇ) | പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് ലാൻഡ് അക്വിസിഷൻ നടപടികൾ ആരംഭിക്കുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ